LIBRARY ARCHIVES Kerala Legislative Assembly

മാഫിയാസംഘ ആക്രമങ്ങൾക്കിരയായവർ

45 [45] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണ്ടാ-മാഫിയാ ആക്രമണങ്ങളിൽ കൊല ചെയ്യപ്പെട്ടവർ എത്ര; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഗുണ്ടാ-മാഫിയാ ആക്രമണത്തിൽ എത്ര പോലീസുകാർ ഈ കാലയളവിൽ കൊല ചെയ്യപ്പെട്ടു എന്നു വ്യക്തമാക്കാമോ;

(സി) ഗുണ്ടാ-മാഫിയാ സംഘങ്ങൾക്കെതിരെ ഈ കാലയളവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഗുണ്ടാ പ്രവർത്തനം എന്ന പദപ്രയോഗം നിയമദൃഷ്ട്യാ നിർവചിക്കപ്പെട്ടിട്ടില്ല.

(ബി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. സംസ്ഥാനത്ത് സാമൂഹ്യവിരുദ്ധ പ്രവർത്തനവും കൂലിത്തല്ലും നടത്തുന്ന സ്ഥിരം കുറ്റവാളികൾ ഒറ്റയ്ക്കും കൂട്ടായും നടത്തുന്ന കുറ്റകൃത്യങ്ങൾക്ക് കുറ്റകൃത്യങ്ങളുടെ സ്വഭാവമനുസരിച്ച് നിയമ നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന് വിവിധ ജില്ലകളിലായി 168 കേസുകളിലായി 431 പേരെ അറസ്റ്റു ചെയ്യുകയും 5 പേർ സറണ്ടർ ആകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള ആക്രണത്തിൽ 11 പേർ കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ക്രൈം കേസ്സുകൾ

46 [46] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം കേസുകൾ എത്ര;

(ബി) ക്രൈം കേസ്സുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇവയിൽ എത്ര എണ്ണം വിവിധ കോടതികളിലേക്ക് റഫർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഇനി എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 3,82,594 ക്രൈം കേസുകൾ

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 2,74,942 കേസുകൾക്ക് കോടതിയിൽ ചാർജ്ഷീറ്റ് നൽകിയിട്ടുണ്ട്.

(ഡി) 33,748 കേസുകൾക്ക് കുറ്റപത്രം സമർപ്പിക്കാനുണ്ട്.

രജിസ്റ്റർ ചെയ്യപ്പെട്ട ക്രിമിനൽ കേസുകൾ

47 [47] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) 2001-2002, 2002-2003, 2003 ഡിസംബർ 31 വരെ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകളുടെ എണ്ണവും, ശിക്ഷിക്കപ്പെട്ട കേസുകളുടെ എണ്ണവും എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3,92,180 കേസുകൾ

(ബി) ഈ കാലയളവിൽ 4,54,727 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തു. ഇതേ കാലയളവിൽ 80,268 കേസുകൾ ശിക്ഷിക്കപ്പെടുകയും ചെയ്തു.

(നക്ഷത്രചിഹ്നമിടാത്ത 48-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly